ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പുരോഗതി സർക്കാർ നിയോഗിച്ച ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള അസാപ്പിന്റെ സമിതി വിലയിരുത്തിയിട്ടുണ്ട്.

(ബി) ആരംഭിച്ചു. ജില്ലയിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം കണ്ടെത്തുന്ന പ്രവർത്തനം നടന്നുവരുന്നു.

(സി) പദ്ധതിയുടെ ഭാഗമായുള്ള സ്കിൽ സെക്ടർ കോഴ്സുകൾ 2014 മാർച്ച് 29-ന് മാനന്തവാടി സർക്കാർ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്കിൽ കോഴ്സുകളാണ് ജില്ലയിൽ നടത്തപ്പെടുന്നത്.

അക്കൗണ്ടിംഗ് ടെക്നീഷ്യൻ സർട്ടിഫിക്കറ്റ്, ഗ്ലോബൽ ബിസിനസ് ഹൗസ്കീപ്പിംഗ് സ്കിൽസ്, മൊബൈൽ കമ്മ്യൂണിക്കേഷൻ, പി.സി. ഹാർഡ്വെയർ ആന്റ് നെറ്റ്വർക്കിംഗ്, സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ് പ്രൊഫഷണൽ, സർട്ടിഫിക്കറ്റ് ഇൻ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻസ്, സർട്ടിഫിക്കറ്റ് ഇൻ ബി.പി.ഒ. നോൺ വോയ്സ്, പ്ലംബിംഗ് അപ്രന്റീസ് പ്രോഗ്രാം.

സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണം

49 (7014) ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ ;

(ബി) തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) പ്രധാനാദ്ധ്യാപികയുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നു ; ഇതിന് പ്രസ്തുത അദ്ധ്യാപികയുടെ വിശദീകരണം തേടിയിരുന്നോ ; വിശദീകരണം നൽകുന്നതിന് എത്ര ദിവസത്തെ സാവകാശമാണ് നൽകിയത് ; വിശദീകരണം ലഭിച്ചതിനുശേഷമായിരുന്നോ നടപടിയെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്കൂൾ അദ്ധ്യയനസമയം നഷ്ടപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയന്ത്രണങ്ങൾ ഒന്നും നിലവിലില്ല.

(ബി) 16-6-2014-ൽ കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്.എസ്-ൽ ഡിസ്ട്രിക്ട് സെന്റർ മോഡൽ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഇംഗ്ലീഷ് ക്ലബുകളുടെ ഉദ്ഘാടനവും അവാർഡ് ദാന ചടങ്ങും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി നിർവ്വഹിക്കുന്ന ചടങ്ങായിരുന്നു. പ്രസ്തുത ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്കായി എന്ന നിലയിൽ പ്രവർത്തിക്കാതെ പെരുമാറ്റച്ചട്ടം ലംഘിച്ചതിനാണ് പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുകയും അതോടൊപ്പംതന്നെ ഇത്തരത്തിലുള്ള നടപടിയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോ നൽകുകയും ചെയ്തത്.

(സി) 16-6-2014-ൽ കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്.എസ്. -ൽ വച്ച് നടന്ന ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി നിർവ്വഹിച്ച ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്ക് നിരക്കാത്ത നിലയിൽ പ്രവർത്തിച്ചു എന്നതാണ് പ്രധാനാദ്ധ്യാപികയ്ക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം. ഇതിന്മേൽ കുറ്റാരോപണ മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വിശദീകരണം നൽകുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചിരുന്നു. സ്ഥലം മാറ്റുന്നതിനൊപ്പം വിശദീകരണം തേടുന്നതിനും തീരുമാനിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിൽനിന്ന് കുറ്റാരോപണ മെമ്മോ നൽകുകയും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്ന് സ്ഥലംമാറ്റ ഉത്തരവും നൽകിയിരുന്നു.

(ഡി) ഇല്ല.

അദ്ധ്യാപക സമരംമൂലം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടൽ

50 (7015) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അദ്ധ്യാപക-അനദ്ധ്യാപക സമരംമൂലം എത്ര അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെല്ലാം സർവ്വീസ് സംഘടനകളാണ് പ്രസ്തുത സമരങ്ങൾക്ക് നേതൃത്വം നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

886/15

LIBRARY ARCHIVES Kerala Legislative Assembly